ഏർപ്പെടുത്തിക്കൊടുക്കണമെന്നും അവർ ആവശ്യപ്പെടുകയാണെങ്കിൽ അവർക്കും അതും ഏർപ്പെടുത്തിക്കൊടുക്കുകയല്ലാതെ നിങ്ങൾക്കു മാറ്റാനും നല്ലതെന്നും അവരോടു പറയുന്നതു ശരിയല്ലെന്നാണു ഞാൻ പറഞ്ഞതു്.

ഹോചിമിന്റെ നിര്യാണത്തിൽ അനുശോചനം

* 213. [737] ശ്രീ. എം. കെ. ജോർജ്ജു്
,, എം. സദാശിവൻ
,, വി. എസ്. അച്യുതാനന്ദൻ
,, എ. എസ്. എൻ. നമ്പീശൻ
,, പാലൊളി മുഹമ്മദുകുട്ടി
,, പി. കെ. കുഞ്ഞച്ചൻ
,, സി. ഗോവിന്ദപ്പണിക്കർ
,, എ. വി. ആര്യൻ
,, ആർ. കൃഷ്ണൻ (ആലത്തൂർ)
,, വി. വി. ദക്ഷിണാമൂർത്തി
,, സി. ബി. ചന്ദ്രശേഖരവാര്യർ
,, എ. പി. കുര്യൻ
,, ടി. കെ. കൃഷ്ണൻ
,, ടി. കെ. രാമകൃഷ്ണൻ
,, മുസ്സഫാ കെമാൽ
,, സി. കെ. ബാലകൃഷ്ണൻ
,, ഈ. പി. കൃഷ്ണൻ നമ്പ്യാർ
,, ടി. എം. മീതിയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിയറ്റ്നാം പ്രസിഡന്റു് ഡാക്ടർ ഹോചിമിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ടു് കേരളാ ഗവണ്മെന്റു് ഒരു പൊതുഒഴിവു് പ്രഖ്യാപിച്ചിരുന്നുവോ ;

(ബി) അന്നേദിവസം കേരളാ ഹൈക്കോടതിക്കും ഒഴിവു പ്രഖ്യാപിച്ചിരുന്നുവോ ?

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) :

(എ) ഡോക്ടർ ഹോചിമിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ടു് ഈ സംസ്ഥാനത്തെ എല്ലാ സക്കാർ ആഫീസുകളും വിദ്യാഭ്യാസസ്ഥാപനങ്ങളും 4-9-1969-ൽ അടച്ചിടാൻ ഗവണ്മെന്റു് ഉത്തരവു പുറപ്പെടുവിച്ചിരുന്നു.

(ബി) ഇല്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഹൈക്കോടതിയിലെ സ്റ്റാഫിനു് ഈ ദിവസം ഒഴിവു പ്രഖ്യാപിക്കണമെന്നു് കോടതിയിലെ കുറെ ആൾക്കാർ ആവശ്യപ്പെട്ട എന്നും ചീഫ് ജസ്റ്റിസ് അതിനു് അനുവാദം കൊടുത്തില്ലെന്നും അറിയുന്നതു ശരിയാണോ ; ഇല്ലെങ്കിൽ ഇതേപ്പറ്റി അന്വേഷിച്ചു് വിവരം സഭയെ അറിയിക്കാൻ ദയവുണ്ടാകുമോ ?

ശ്രീമതി കെ. ആർ. ഗൗരി : സർ, ഈ ചോദ്യം വന്നതിനുശേഷം ഹൈക്കോടതിയിലേക്കു് എഴുതിച്ചോദിച്ചു. അതിനു് രജിസ്ട്രാരുടെ പക്കൽനിന്നും കിട്ടിയ മറുപടി, ഇതുപോലെ ഗവണ്മെന്റു് ഒരു ആർഡർ പുറപ്പെടുവിക്കുകയാണെങ്കിൽ അതു അവധിയായി പ്രത്യേകം പ്രഖ്യാപിക്കാം. സാധാരണ ഹൈക്കോടതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

അവധികളെക്കുറിച്ച് ചീഫ് ജസ്റ്റിസ് തീരുമാനിക്കുകയാണ് പതിവെന്നാണ്. ഇങ്ങനെയാണ് രജിസ്ട്രാർ എഴുതി അറിയിച്ചിരിക്കുന്നത്. എങ്കിലും ഗവണ്മെന്റിന്റെ നിലപാട് പൊതുഒഴിവുദിനങ്ങളും കോടതികളെയും ബാധിക്കും എന്നാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഹൈക്കോടതിയിലെ സ്റ്റാഫ് അവധി വേണമെന്നും ആവശ്യപ്പെട്ടിട്ടും ചീഫ് ജസ്റ്റിസ് അതിനു് അനുവദിച്ചില്ലെന്നും—ഹോചിമിൻ ഈ കോടതിയിൽ ഹാജരാകാത്ത ആളായതുകൊണ്ടാണോ ഈ കാര്യത്തിൽ തീരുമാനമെടുക്കാത്തത്—ഇങ്ങനെയൊരു നില ചീഫ് ജസ്റ്റിസ് എടുത്തുകൊണ്ട് കേരളത്തിലെ ജനങ്ങൾക്കു് അപമാനകരമായ പാരമ്പര്യം സൃഷ്ടിച്ചു എന്നറിയുന്നതു ശരിയാണോ. ഇതേപ്പറ്റി അന്വേഷിച്ചു് ചീഫ് ജസ്റ്റിസിനോടതന്നെ എഴുതി ച്ചോദിച്ചു് വിവരം ഈ സഭയെ അറിയിക്കാൻ ദയവുണ്ടാകുമോ ?

ശ്രീമതി കെ. ആർ. ഗൗരി : ഈ ചോദ്യം കിട്ടിയതിനുശേഷം ഇങ്ങനെയൊരു സംഭവം ഉണ്ടായിട്ടുണ്ടോ എന്നു് രജിസ്ട്രാരോടു് ചോദിച്ചിട്ടു് അദ്ദേഹം തന്ന മറുപടിയാണു് ഞാൻ പറഞ്ഞതു്. സാധാരണ പബ്ലിക്കു് ഹോളിഡേ ആയി ഡിക്ലയർ ചെയ്യുന്നതു് ഗവണ്മെൻറിന്റെ എല്ലാ സ്ഥാപനങ്ങൾക്കുമായിട്ടാണു്. ഹൈക്കോടതി എന്തുകൊണ്ടു് അവധി കൊടുത്തില്ലെന്നു അറിഞ്ഞുകൂടാ. ശ്രീ. രാമകൃഷ്ണൻ പറഞ്ഞതുപോലെ Hochimin കോടതിയിൽ ഹാജരാകാത്ത ആളായതുകൊണ്ടാണോ എന്നറിഞ്ഞുകൂടാ. അതിനെപ്പറ്റി അന്വേഷിക്കുന്നതാണു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഹൈക്കോടതിയായാലും അവർ ഗവണ്മെന്റിന്റെ നിയമങ്ങൾ അനുസരിക്കേണ്ടവരാണു്. ഗവണ്മെൻറു് ഉണ്ടാക്കുന്ന നിയമങ്ങളുടെ സൗജന്യങ്ങൾ അനുഭവിക്കാൻ അവകാശമുള്ള ആളുകളാണു്. അവിടത്തെ സ്റ്റാഫിനു് ഈ അവകാശം കിട്ടിയിട്ടില്ലെന്നു പരാതിയുണ്ടു്. ഈ അവകാശം അനുവദിച്ചുകൊടുക്കാതിരിക്കാൻ നടപടികൾ എടുത്തതു് ചീഫ് ജസ്റ്റിസ് ആണോ അതല്ലെങ്കിൽ ഇതേപ്പറ്റി അന്വേഷിച്ചു് ആ വിവരം സഭയെ അറിയിക്കാൻ ദയവുണ്ടാകുമോ ?

ശ്രീമതി കെ. ആർ. ഗൗരി : ഹൈക്കോടതി രജിസ്ട്രാർ അയച്ച ലറ്ററിനെക്കുറിച്ചാണു് ഞാൻ പറഞ്ഞതു്. സാധാരണ ഹോളിഡേ ആയി ഡിക്ലയർ ചെയ്താലും ഹൈക്കോടതിയിൽ കൊടുക്കണമോ വേണ്ടയോ എന്നു തീരുമാനിക്കുന്നതു് ചീഫ് ജസ്റ്റീസാണു്; എന്നാണു രജിസ്ട്രാറിൽ നിന്നു കിട്ടിയ മറുപടി. ഞാൻ ഇപ്പോഴാണു ഇതു കാണുന്നതു്. ഗവണ്മെൻറു് സ്ഥാപനങ്ങൾക്കു് അവധി എന്നു പറഞ്ഞു് ഡിക്ലയർ ചെയ്താൽ ഗവണ്മെൻറിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളെയും ബാധിക്കുമെന്നാണു ഗവണ്മെൻറിന്റെ അഭിപ്രായം.

ശ്രീ. കെ. എം. ജോർജ്ജു് : ഹൈക്കോടതിയുടെ എല്ലാ ഒഴിവു ദിവസങ്ങളും തീരുമാനിക്കുന്നതു് ഹൈക്കോടതി തന്നെയാണോ ?

ശ്രീമതി കെ. ആർ. ഗൗരി : സാധാരണ നാഷണൽ ഹോളിഡേ കലണ്ടറിൽ പ്രസിദ്ധീകരിക്കും. അതു ഗവണ്മെൻറാണു തീരുമാനിക്കുക.

ശ്രീ. എം. കെ. ജോർജ്ജു് : ഗവണ്മെൻറു് പ്രഖ്യാപിച്ച അവധി ഏതെങ്കിലും വിദ്യാഭ്യാസസ്ഥാപനം നടപ്പാക്കാതിരുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെപ്പറ്റി എന്തു നടപടി എടുത്തു ?

ശ്രീമതി കെ. ആർ. ഗൗരി : അന്നു ഏതാണ്ടു 10 മണിയായപ്പോഴാണു എല്ലാവരുംകൂടി ആലോചിച്ചതിനുശേഷമാണു അവധിയായി ഡിക്ലയർ ചെയ്തതു്. ചിലയിടത്തു് അതിന്റെ ആർഡർ കിട്ടാൻ താമസിച്ചുപോയിട്ടുണ്ടു്. പിറ്റേ ദിവസം ഒരു സ്കൂളിൽ ഞാൻ ഒരു യോഗത്തിനു ചെന്നപ്പോഴാണു അതിന്റെ മുമ്പത്തെ ദിവസം സന്ധ്യ

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റാണ്ട് അവിടെ ആർഡർ കിട്ടിയതെന്നും അതുകൊണ്ട് ഒഴിവു കൊടുക്കാൻ സാധിച്ചില്ല എന്നും അറിയാൻ കഴിഞ്ഞു. അതുകൊണ്ട അവിടെ ആർഡർ ധിക്കരിച്ചതല്ല, അറിവു കിട്ടിയതു താമസിച്ചതുകൊണ്ടാണ അവധിയാക്കാതിരുന്നതു്.

ശ്രീ. എം. സദാശിവൻ : ഈ ദിവസം കേന്ദ്ര ഗവണ്മെൻറു അവധി പ്രഖ്യാപിക്കുകയും, സുപ്രീം കോടതി ഈ ദിവസമല്ലാതെ പിന്നൊരു ദിവസം അവധിയായി പ്രഖ്യാപിക്കുകയും ചെയ്തു. ഈ വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി : നോട്ടീസു വേണം.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ലോകത്തിൽ മഹാന്മാരായിട്ടുള്ള ആളുകൾ ചരമം അടയുന്ന സന്ദർഭങ്ങളിൽ ഇൻഡ്യാ ഗവണ്മെൻറും സംസ്ഥാന ഗവണ്മെൻറും അവധി പ്രഖ്യാപിച്ചു കഴിഞ്ഞാൽപോലും ഒരു ഹൈക്കോടതിയുടെ പീഫ് ജസ്റ്റീസിന്റെ അഭിപ്രായത്തെ ആശ്രയിച്ചു് ആ സ്ഥാപനത്തിലെ സ്റ്റാഫിനു അവധി കിട്ടുകയില്ല എന്നാണോ ഇതിൽനിന്നും മനസ്സിലാക്കേണ്ടതു്?

ശ്രീമതി കെ. ആർ. ഗൗരി : ഒരു രാഷ്ട്രത്തലവൻ എന്നുള്ള നിലയിലാണു് ഈ ഗവണ്മെൻറു് അവധി അനുവദിച്ചതു്. മുമ്പു രാഷ്ട്രത്തലവന്മാർ മരിച്ചിട്ടുള്ള സന്ദർഭങ്ങളിലെല്ലാം അടുത്ത ദിവസം ഒഴിവായിട്ടു് പ്രഖ്യാപിച്ചിട്ടുണ്ടെന്നാണു് ഇവിടത്തെ റിക്കാർഡുകളിൽനിന്നും കാണുന്നതു്. ഇപ്പോഴും മരിച്ചദിവസം തന്നെയാണു് അവധിയായി ഡിക്ലയർ ചെയ്തതു്. ഈ ദിവസം ഇൻഡ്യാ ഗവണ്മെൻറു് അവധി ദിവസമായിട്ടു് ഡിക്ലയർ ചെയ്തതായി ഗവണ്മെൻറിനറിവില്ല.

(ii) Written Answers

അസിസ്റ്റൻറു് ഹെഡ്മാസ്റ്റർമാരുടെ നിയമനം

* 214. [741] ശ്രീ. പി. പി. ജോർജ്ജു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂടുതൽ വിദ്യാർത്ഥികളുള്ള സ്കൂളുകളിൽ അസിസ്റ്റൻറു് ഹെഡ്മാസ്റ്റർമാരെ നിയമിക്കുവാൻ ഗവണ്മെൻറു ആലോചിക്കുന്നുണ്ടോ ;

(ബി) ഏതെങ്കിലും അദ്ധ്യാപകസംഘടനകളിൽ നിന്നു് ഇതു സംബന്ധമായി ഗവണ്മെൻറിനു നിവേദനം ലഭിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ചു്. മുഹമ്മദുകോയ) :

(എ) തൽക്കാലം ഇല്ല.

(ബി) ഉണ്ടു്.

ഇംഗ്ലീഷു് മീഡിയം ക്ലാസ്സുകൾ

* 215. [746] ശ്രീ. പി. എൻ. ചന്ദ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഇംഗ്ലീഷു് മീഡിയം ക്ലാസ്സുകൾ നിർത്തലാക്കുന്നതിനു വല്ല പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നു മുതൽ അതു നടപ്പിലാക്കാനാണു ഉദ്ദേശിക്കുന്നതു്?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ചു്. മുഹമ്മദുകോയ) :

(എ, ബി) കഴിഞ്ഞ രണ്ടു വർഷങ്ങളായി, പുതിയ ഇംഗ്ലീഷു് മീഡിയം ക്ലാസ്സുകൾ തുടങ്ങാൻ ഗവണ്മെൻറു് അനുവാദം നൽകിയിട്ടില്ല. ഇംഗ്ലീഷു് മീഡിയം

LIBRARY ARCHIVES Kerala Legislative Assembly